# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -836 10.02.2016 ൽ മറുപടിയ്ക്ക്

## തടയണകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.കെ.എസ്.സലീഖ:** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) വാണിയംകുളം ഗ്രാമപഞ്ചായത്തിലെ മാന്നന്നൂർ സ്റ്റീൽ തടയണയുടെ പ്രവർത്തന പുരോഗതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത തടയണയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത തടയണയുടെ പ്രവർത്തനം എന്നാണ് തുടങ്ങിയതെന്നും, എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്നും, ആയതിന്റെ പ്രയോജനം എത്ര ജനങ്ങൾക്ക് ലഭിക്കുമെന്നും വ്യക്തമാക്കുമോ; | (എ) & (ബി)<br><br>വാണിയംകുളം ഗ്രാമപഞ്ചായത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ മണ്ണന്നൂരിൽ 489.44 ലക്ഷം രൂപ മുടക്കി ഒരു ചെക്ക് ഡാം നിർമ്മിക്കാനുള്ള ഭരണാനുമതി നല്കുകയും ഇതിന്റെ പ്രവർത്തനം കെ.ഐ.ഐ.ഡി.സിയെ ഏൽപ്പിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ മാർച്ച് 2014 ൽ ആരംഭിക്കുകയുണ്ടായി. നിലവിൽ ഇതിനുവേണ്ട സ്റ്റീൽ ഷീറ്റ് പൈലുകൾ മുഴുവനായും സംഭരിക്കുകയും അതിൽ 95 ശതമാനം ഷീറ്റ് പൈലുകളും ഡിസൈനിൽ പറഞ്ഞ പ്രകാരം പുഴയുടെ അടിത്തട്ടിലേക്ക് അടിച്ചിറക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി അനുബന്ധപ്പെട്ട മറ്റു പ്രവൃത്തികളായ Gabbion Boxex കരിങ്കല്ല് നിറച്ച് ഡിസൈൻ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഉറപ്പിച്ചു വയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. പ്രസ്തുത ചെക്ക് ഡാമിന്റെ പ്രവൃത്തി പൂർണ്ണമായും 2016 മാർച്ച് 31 ന് മുൻപ് തീർക്കാനാണ് ഉദ്ദേശിക്കുന്നത്. ഇങ്ങനെ നിർമ്മിക്കുന്ന ചെക്ക് ഡാം മൂലം കെട്ടിനിൽക്കുന്ന ജലത്തിന്റെ ലഭ്യത ഇരു കരകളിലെ ജനങ്ങൾക്കും കുടി വെള്ളത്തിനും കൃഷിക്കും ലഭ്യമാകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കൊച്ചിൻ പാലത്തിന് സമീപത്തുള്ള തടയണയുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കും; പ്രസ്തുത തടയണയുടെ എസ്റ്റിമേറ്റ് തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ എത്രയാണ്; അവശേഷിക്കുന്ന ബാക്കി തുക അടിയന്തരമായി അനുവദിച്ച് പ്രസ്തുത തടയണ കമ്മീഷൻ ചെയ്യുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (സി) | ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കൊച്ചിൻ പാലത്തിന് സമീപത്തുള്ള ചെറുതുരുത്തി തടയണയുടെ പ്രവൃത്തിയുടെ നിലവിലുണ്ടായിരുന്ന കരാർ റദ്ദ് ചെയ്യുതാണ്. ടി തടയണയ്ക്ക് 5 കോടി രൂപയുടെ ഭരണാനുമതി 2007 ൽ നല്കിയിട്ടുണ്ട്. അതിൽ 2.80 കോടി രൂപ ചെലവഴിച്ചു. ടി തടയണയുടെ ബാക്കിയുള്ള പണികളുടെ 14.50 കോടി രൂപയുടെ എസ്റ്റിമേറ്റ് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ഭരണാനുമതി ലഭിക്കുന്നതിലേക്കായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തടയണ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതോടു കൂടി ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ചെറുതുരുത്തി തടയണ പൂർത്തീകരിച്ച് കമ്മിഷൻ ചെയ്യുന്നതോടുകൂടി ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റി, വാണിയംകുളം പഞ്ചായത്ത് എന്നീ സ്ഥലങ്ങളിലെ 950 ഹെക്ടർ പ്രദേശത്തെ കുടിവെള്ളത്തിനും ജലസേചനത്തിനും പ്രയോജനം ചെയ്യും |

**സെക്ഷൻ ഓഫീസർ**